# കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in


(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി8)159/2019 സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം ജില്ല

തിയതി: 18.03.19

e-mail.lfadekm@gmail.com

0484- 247771

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം :**കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്** - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ** 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

.

നം. കെ.എസ്.എ.ഇകെഎം.(പി8)157/2019 തീയതി:- 18.03.2019

## <u>എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ</u>

## <u>2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ

പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ **കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ** 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.9.2017 മുതൽ 31.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ജയ സി.ആർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 19.01.19 മുതൽ 31.01.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:- | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ രതീഷ് സി.ആർ | ഓഡിറ്റ് ഓഫീസർ |
| ശ്രീ .വിജു എം.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ അനീഷ് ആർ | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീമതി ആനീസ് ക്ലീറ്റസ് | 01.04.2017 | 31.03.2018 |
| വൈസ് ചെയർപേഴ്സൺ | ശ്രീ ജോർജ് ജോൺ | 01.04.2017 | 31.03.2018 |
| വിദ്യാഭ്യാസ, ആരോഗ്യകാര്യ സ്റ്റാൻറിംഗ് കമ്മറ്റി | ശ്രീമതി ആശ ജിഷി | 01.04.2017 | 31.03.2018 |
| ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മറ്റി | ശ്രീ ജിജി തോമസ് | 01.04.2017 | 31.03.2018 |
| വികസനകാര്യ സ്റ്റാൻറിംഗ് കമ്മറ്റി | ശ്രീമതി റെജി വിൻസെന്റ് | 01.04.2017 | 31.03.2018 |

**നിർവ്വഹണ ഉദ്യോഗസ്ഥർ:-**

| ഉദ്യോഗപേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ശ്രീമതി വി.കെ.വത്സമ്മ | 01.04.17 | 05.06.17 |
| | ശ്രീമതി റ്റി എ സുബൈദ | 06.06.17 | 20.01.18 |
| | ശ്രീ വി കെ സുഭാഷ് | 21.01.18 | 31.03.18 |
| കൃഷി ഓഫീസർ | ശ്രീമതി.ശ്രീല ഗോവിന്ദൻ | 01.04.2017 | 21.01.17 FN |
| | ശ്രീ സാജു കെ സി | 21.01.17AN | 31.03.18 |
| അസി.എഞ്ചിനീയർ | ശ്രീ ശരത്ത് ബി ജോഷി | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. സംഗീത പി | 01.04.2017 | 31.03.2018 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. അമർ ലാൽ കെ | 01.04.2017 | 31.03.2018 |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി എലിസബത്ത് സി ജോർജ് | 01.04.2017 | 15.07.17 |
| | ശ്രീമതി ഷൈമ | 16.07.17 | 30.11.17 |
| | ശ്രീമതി ഷേബ പി ബേബി | 01.12.17 | 31.03.18 |
| വെറ്റനററി സർജൻ | ഡോ. വിക്ടോ ജൂബിൻ വർഗ്ഗീസ് | 01.04.2017 | 20.07.17 |
| | ഡോ. ജിം കെ കിഴക്കുടൻ | 21.07.17 | 31.03.18 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ, കല്ലൂർക്കാട് | ശ്രീ. മുഹമ്മദ് സാലിഹ് | 01.04.2017 | 24.10.17 |
| | ശ്രീ പുരുഷോത്തമൻ കെ എസ് | 25.10.17 | 07.02.18 |
| | ശ്രീമതി സൗമ്യ ചെറിയാൻ | 08.02.18 | 31.03.18 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ, നാകപ്പുഴ | ശ്രീമതിമഞ്ജുഷ പി കെ | 01.04.2017 | 31.03.2018 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി രാധ.കെ.കെ | 01.04.2017 | 02.09.17 |
| | ശ്രീമതി ലിജി പി എ | 03.09.17 | 31.03.18 |
| അസി.സെക്രട്ടറി | ശ്രീ സി.വി പൗലോസ് | 01.04.2017 | 31.03.2018 |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഃിക | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1<br>പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷീക കണക്കുകളിലെ അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-13 |
| | ഭാഗം 2 | |
| 14 | മാലിന്യ സംസ്കരണം-സർക്കാർ ഉത്തരവ് നടപ്പാക്കിയില്ല | 2-1 |
| 15 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 2-2 |
| 16 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടില്ല | 2-3 |
| 17 | തൊഴിൽനികുതി ഈടാക്കിയില്ല | 2-4 |
| 18 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ - ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എടുക്കാതെ പ്രവർത്തിക്കുന്നു | 2-5 |
| | ഭാഗം- 3 | |
| 19 | ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോ) - വേതനവിതരണത്തിലെ അപാകത | 3-1 |
| 20 | നാകപ്പുഴ പമ്പ് ഹൗസിന്റെ വൈദ്യുതി ചാർജ്- സംബന്ധിച്ച് | 3-2 |
| 21 | തെരുവ് വിളക്ക് മീറ്ററിംങ് സംബന്ധിച്ച്. | 3-3 |
| 22 | വെള്ളക്കരം-കുടിശ്ശിക അധികതുക നല്കി | 3-4 |
| 23 | ഹരിതസേനയുടെ രൂപീകരണം സംബന്ധിച്ച് | 3-5 |
| 24 | അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല | 3-6 |
| 25 | പത്രപ്പരസ്യം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 3-7 |
| 26 | പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് , പകൽ വീട് എന്നിവ പ്രവർത്തിക്കുന്നില്ല | 3-8 |
| 27 | വിവിധ കുടിവെള്ള പദ്ധതികൾ - പൂർത്തീകരണം സംബന്ധിച്ച് | 3-9 |
| 28 | മഴക്കാല പൂർവ്വ ശുചീകരണ പദ്ധതി- സംബന്ധിച്ച് | 3-10 |
| 29 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല | 3-11 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 33 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 37 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 41 | ബാലൻസ് ഷീറ്റ് | അനുബന്ധം2 |
| 42 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം3 |
| 43 | റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം4 |


# ഭാഗം 1

# പൊതു അവലോകനം

# 1-1 ബജറ്റ്

22.03.2017 തീയതിയിലെ 3(1)-ാം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 17.03.18ലെ 1(1)-ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 15.05.2018 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./തീയതി |
|---|---|---|
| 2017-18 | 19.06.18, 20.06.18 | കൈഎസ്എ-ഇകൈഎം(പിജി)1786(35)2018 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4519973 |
| വരവ് | 37916180 |
| ആകെ | 42436153 |
| ചെലവ് | 38898979 |
| നീക്കിയിരിപ്പ് | 3537174 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവാക്കാത്ത തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 0 | 7746000 | 7746000 | 6802272 | 0 | 943728 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1930820 | 1930820 | 1874795 | 0 | 56025 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 215912 | 215912 | 172000 | 0 | 43912 |
| മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 13592000 | 13592000 | 9659210 | 0 | 3932790 |
| മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 0 | 2591000 | 2591000 | 2591000 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3638312 | 3638312 | 2727275 | 0 | 911037 |
| കെഎൽജിഎസ്ഡിപി | 0 | 323958 | 323958 | 209023 | 0 | 114935 |
| സാക്ഷരതാ ഫണ്ട് | 13 | 0 | 13 | 13 | 0 | 0 |
| ദുരിതാശ്വാസനിധി | 696 | 28 | 724 | | 724 | 0 |
| എംജി എൻആർഇജിഎസ്-കൂലിച്ചെലവ് | 0 | 8354920 | 8354920 | 8354920 | 0 | 0 |
| എംജി എൻആർഇജിഎസ്-അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 2782 | 542637 | 545419 | 539689 | 5730 | 0 |
| ശുചിത്വമിഷൻ | 45000 | 228583 | 273583 | 138232 | 135351 | 0 |
| ഐസിഡിഎസ് | 101025 | 387408 | 488433 | 190035 | 298398 | 0 |
| വിമുക്തി | 24400 | 12500 | 36900 | 8700 | 28200 | 0 |
| ആശ്രയ | 1402 | 166667 | 168069 | 0 | 168069 | 0 |
| കേരളോത്സവം | 1250 | 20000 | 21250 | 19820 | 1430 | 0 |
| നിർമ്മൽ പുരസ്കാർ | 101204 | 0 | 101204 | 0 | 101204 | 0 |
| ജോയിന്റ് വെഞ്ചർ-ജില്ലാ പഞ്ചായത്ത് (ട്രഷറി) | 914397 | 1371300 | 2285697 | 1371300 | 914397 | 0 |
| ജോയിന്റ് വെഞ്ചർ-ബ്ലോക്ക് പഞ്ചായത്ത് (ട്രഷറി) | 10000 | 649325 | 659325 | 649325 | 10000 | 0 |
| ബി ഫണ്ട് | 0 | 116932 | 116932 | 116932 | 0 | 0 |
| ജനറൽ പർപ്പസ് ഫണ്ട് (ട്രഷറി) | 1040531 | 4759000 | 5799531 | 5583077 | 216454 | 0 |
| തനത് ഫണ്ട് | 2155933 | 5536222 | 7803569 | 6238509 | 1476032 | 0 |
| എസ്ബിഐ ഇ-പെയ്മെന്റ് | 4913 | 40017 | 44930 | 2759 | 42171 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 157 | 39901522 | 91 | 26488585 | 24 | 42 | 57.96 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 2782 | 542637 | 545419 | 539689 | 5730 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 8354920 | 835492 | 8354920 | |
| | 2782 | 8897557 | 8900339 | 8894609 | 5730 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 17160 | 31 |
| കർഷകത്തൊഴിലാളി പെൻഷൻ | 648600 | 193 |
| വിധവാപെൻഷൻ | 968700 | 294 |
| വാർദ്ധക്യകാലപെൻഷൻ | 3469200 | 804 |
| വികലാംഗപെൻഷൻ | 480300 | 144 |
| 50 വയസ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 143700 | 1 |
| വിധവകളുടെ പെണ്മക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

# 1-9 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.01.19ന് സെക്രട്ടറിയുടെ സാനിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1677/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

1.രജിസ്റ്ററുകളും പ്രോജക്ട് ഫയലുകളും മറ്റും നല്ല രീതിയിൽ പരിപാലിച്ച് സൂക്ഷിക്കുന്നുണ്ട്.
2.ഡി & ഒ ലൈസൻസ് അപേക്ഷ ഫോറത്തിലെ എല്ലാ കോളങ്ങളിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.
3.ഓഫീസിന്റെ പ്രവർത്തനം പൊതുവേ തൃപ്തികരമാണ്.
4. തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിനും , ഡി & ഒ ട്രേഡ് ലൈസൻസ് നൽകേണ്ടതിനും അടിസ്ഥാനമാക്കേണ്ട സ്ഥാപനങ്ങളുടെ ആധികാരികമായ ലിസ്റ്റ് (വാർഡ് അടിസ്ഥാനത്തിൽ) പഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല.

5.സ്യൂട്ട് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
6.സ്റ്റോക്ക് രജിസ്റ്ററുകളിൽ വാർഷിക ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്
7.മോണിട്ടറിങ്ങ് സമിതി റിപ്പോർട്ട് , നിർവ്വഹണ ഉദ്യോഗസ്ഥന്റെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ എല്ലാ പദ്ധതി ഫയലുകളിലും ഉൾപ്പെടുത്തിയിട്ടില്ല

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.12.2018 | 11/2018 | 23.01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.11.12 -27.11.12 | 2007-08<br>2008-09<br>2009-10<br>2010-11<br>2011-12 | 10.01.13 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ അനുബന്ധം 1ന്റെ ഭാഗം ആയി ചേർത്തിട്ടുണ്ട്.

# 1-13 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് വേളയിൽ നൽകിയ എൻക്വയറി 13/29.01.19നെ തുടർന്ന് തൊഴിൽ നികുതിയിൽ കുറവ് വന്ന 5000/- രൂപ ( രസീത് നം. 118030102290, 118030102291 തീ. 30.01.19) തിരിച്ചടച്ചു.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 മാലിന്യ സംസ്ക്കരണം-സർക്കാർ ഉത്തരവ് നടപ്പാക്കിയില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം സംബന്ധിച്ച് സംസ്ഥാന സർക്കാർ 22.07.2017 ൽ സ.ഉ. (സാധാ) 2511/2017 തസ്വഭവ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഉത്തരവ് നടപ്പാക്കിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 23.01.2019 ൽ ഓഡിറ്റ് എൻക്വയറി ( നം 9) നൽകി. ആയതിന് ലഭ്യമാക്കിയ മറുപടിയും, വിശദീകരണവും പരിഗണിച്ചാണ് താഴെ പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

1)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബുകൾ ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി -പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ കാന്റീനുകൾ എന്നിവടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യ സംവിധാനങ്ങൾ 2017 സെപ്തംബർ 15 ന് മുമ്പായി സജ്ജീകരിക്കണം. ഇപ്രകാരം ചെയ്യുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടി അറിയിക്കണമെന്നാവശ്യപ്പെട്ടതിന് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി നൽകി.സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2)അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഫീസ് ഒടുക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുന്നതിന് നടപടി സ്വീകരിക്കണം. എന്നാൽ ഇപ്രകാരമുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

3)ഉത്തരവ് പ്രകാരം 2017 സെപ്റ്റംബർ 15 നകം മാലിന്യ സംസ്കരണ നടപടി സ്വീകരിക്കാത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനം നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് രാജ് വകുപ്പ് 219 എ മുതൽ എക്സ് വരെയും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല.

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 2-2 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു.

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 28.10.2011ലെ സാധാരണ യോഗത്തിലെ വസ്തുനികുതി പരിഷ്കരണത്തിനുള്ള 6-ാം നം. തീരുമാന പ്രകാരം 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ, 2016-17 രണ്ടാം അർദ്ധവർഷത്തിൽ നികുതി നിർണ്ണയിച്ച ബെന്നി ചൂണ്ടക്കാട്ടിൽ എന്ന വ്യക്തിയുടെ 113.79 ച.മി വിസ്തൃതിയുള്ള XII/647A നമ്പർ കെട്ടിടത്തിന് 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 40 രൂപ നിരക്കിൽ 2506/- രൂപയാണ് നികുതി നിശ്ചയിച്ചത്. നിർണ്ണയിക്കേണ്ടിയിരുന്ന നികുതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വിസ്തൃതി | 113.79 |
| അടിസ്ഥാന വസ്തുനികുതി 50/- രൂപ നിരക്കിൽ | 5689.50 |
| വർദ്ധനവ് (20%) | 1137.90 |
| ഇളവ് (10%) | 568.95 |
| വാർഷിക വസ്തുനികുതി | 6259 |
| ഗ്രന്ഥശാല വരി | 313 |
| സേവന ഉപനികുതി | 626 |
| ഈടാക്കേണ്ടിയിരുന്ന ആകെ വസ്തുനികുതി | 7198 |
| ഈടാക്കിയ നികുതി | 2906 |
| കുറവ് | 4292 |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് (എൻക്വയറി നം. 10/24.01.19) പ്രസ്തുത നികുതി പുനർനിർണ്ണയിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ, വസ്തുനികുതിയിൽ കുറവ് വന്ന 4292/- രൂപ ബന്ധപ്പെട്ട നികുതിദായകരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-3 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയിട്ടില്ല

2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം (2) പ്രകാരം ഈ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ലൈസൻസ് കൂടാതെ 100 പക്ഷികളിൽ കൂടുതലുള്ള പോൾട്രി ഫാമോ, 5 മൃഗങ്ങളിൽ കൂടുതലുള്ള പന്നി ഫാമോ നടത്താൻ പാടുള്ളതല്ല. 2017-18 സാമ്പത്തിക വർഷത്തിൽ കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ എട്ട് കോഴിഫാമുകളും, ഒരു പന്നി ഫാമും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ, ഈ സ്ഥാപനങ്ങൾക്ക് 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് നൽകിയിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഉടമസ്ഥൻ/സ്ഥാപനം | കെട്ടിട നം. |
|---|---|---|
| 1 | സിജോ ജോൺ, റാത്തപ്പിള്ളിൽ, കല്ലൂർക്കാട് | VII/8A |
| 2 | കെഎൻ സുനിൽകുമാർ, കല്ലിങ്കൽ, തഴവാങ്കുന്ന് | III/251B |
| 3 | സോണി ജോൺ, ചക്കാലക്കുടിയിൽ, കല്ലൂർക്കാട് | II/305 |
| 4 | സോണി മാത്യു, തെക്കേട്ടക്കുന്നേൽ, തഴവാങ്കുന്ന് | V/364 |
| 5 | ജോസ് ജോസഫ്, കളപ്പുരക്കൽ, തഴവാങ്കുന്ന് | IV/541A |
| 6 | വർഗീസ് പി ജെ, പുത്തരിക്കൽ, കല്ലൂർക്കാട് | II/542A |
| 7 | ജോയി ക്ലീറ്റസ്, നെടുംകല്ലേൽ, നാകപ്പുഴ | V/374A |
| 8 | സിജോ ജോൺ, റാത്തപ്പിള്ളിൽ, കല്ലൂർക്കാട് | ലഭ്യമല്ല |
| 9 | ജെയിസൻ മാനുവൽ, കപ്യാരുമലയിൽ, തഴവാങ്കുന്ന് | VI/317A |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിററ് എൻക്വയറിക്ക് (എൻക്വയറി നം. 14/29.01.19) ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ, മേൽ സ്ഥാപനങ്ങൾക്ക് 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് നൽകി അവയുടെ പ്രവർത്തനം സാധൂകരിക്കേണ്ടതാണ്.

# 2-4 തൊഴിൽനികുതി ഈടാക്കിയില്ല

I, 20117-18 സാമ്പത്തിക വർഷത്തിൽ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ ധാരാളം കരാറുകാരുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഈ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ടി കരാറുകാർ സാമ്പത്തിക വർഷത്തിൽ 6 മാസത്തെ കരാർ വ്യവസ്ഥയിൽ പഞ്ചായത്തിൽ ഒന്നിലധികം മരാമത്ത് പണികൾ ഏറ്റെടുത്ത് ചെയ്തിട്ടുണ്ട് എന്ന് എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. കരാറുകാരുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പേര്, വിലാസം | ഏറ്റെടുത്ത് നടത്തിയ പ്രവൃത്തിയുടെ പ്രോജക്ട് നം. |
|---|---|---|
| 1 | ജോസഫ് ജെയിംസ്, താഴത്തുവീട്ടിൽ, നാകപ്പുഴ | 150/18, 148/18 |
| 2 | പ്രവീൺ വർഗീസ്, മുടക്കാലിൽ, രണ്ടാർ പിഒ | 69/18, 167/18, 166/18 |
| 3 | സോജൻ എൻ സി, നെടുംകല്ലേൽ, ഏഴല്ലൂർ | 71/18, 53/18 |
| 4 | ഷാജു ജോസഫ്, കൊച്ചുമുറ്റം, ആവോലി | 47/18, 39/18, 43/18, 11/18 |
| 5 | ശ്രീജിത്ത് വിഎസ്, വേണാൽ, രണ്ടാർ | 18/18, 20/18, 46/18, 70/18, 124/18, 29/18, 120/18, 72/18, 153/18 |
| 6 | ഫ്രാൻസിസ് ജോൺ, സൂര്യൻകുന്നേൽ, പാറോപ്പുഴ | 12/18, 132/18, 155/18 |
| 7 | ജിത്തു വി എസ്, വെള്ളാപ്പിള്ളിൽ, ആവോലി | 157/18, 163/18 |
| 8 | നെൽസൺ ജോസഫ്, പൂനാട്ട്, ആവോലി | 48/18, 65/18 |
| 9 | നാസർ പി എം, പൂഞ്ചാരിയിൽ, പേഴക്കാപ്പിള്ളി | 45/18, 54/18, 51/18, 36/18, 79/18 |
| 10 | റഹീം വി കെ, വലിയപറമ്പിൽ, പേഴക്കാപ്പിള്ളി | 30/18, 135/18, 175/18 |
| 11 | നൗഷാദ് എം ഐ, മൂലയിൽ, വാഴപ്പിള്ളി | 41/18, 14/18, 35/18, 31/18, 21/18 |

മേൽ അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 12/28.01.19) ബന്ധപ്പെട്ട കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ, ഗ്രാമപഞ്ചായത്തിന്റെ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്ന എല്ലാ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2 ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ കടകൾ , അബ്കാരി ഷാപ്പുകൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി , ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയതായോ , ഡി & ഓ ട്രേഡ് ലൈസൻസ് നല്കിയിട്ടുള്ളതായോ കാണുന്നില്ല. ടി സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനും , ലൈസൻസ് നല്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

# 2-5 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്നു.

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഹോളി ഫാമിലി പബ്ലിക് സ്കൂൾ , വെള്ളാരംകുന്ന് , സെന്റ്

മേരീസ് പബ്ലിക് സ്കൂൾ , നാകപ്പുഴ , സരസ്വതി വിദ്യാമന്ദിർ , കല്ലൂർക്കാട് എന്നീ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു. സ്കൂൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ഹോളി ഫാമിലി പബ്ലിക് സ്കൂൾ ഒഴികെ മറ്റ് സ്ഥാപനങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എടുത്തതായി കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് 29.01.19ൽ നൽകിയ 17-ാം നമ്പർ എൻക്വയറിക്ക് മറുപടിയായി ടി സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിക്കാത്തതിനാലാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കാതിരുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.12.2016 ലെ 792455/EW3/2016/LSGD നമ്പർ സർക്കുലർ പ്രകാരം ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിപ്പിക്കുവാൻ പാടില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടി സ്ഥാപനങ്ങളെക്കൊണ്ട് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ,28.05.2014 ലെ DB5/9495/2009/CE/LSGD നമ്പർ സർക്കുലർ പ്രകാരം ആദ്യ തവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ 1.25% സൂപ്പർവിഷൻ ചാർജ് ഈടാക്കേണ്ടതുമാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോ) - വേതനവിതരണത്തിലെ അപാകത

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിയിലെ (ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോ) ഡിസ്പെൻസറി, കല്ലൂർക്കാട് ) അറ്റൻഡർ, സ്വീപ്പർ എന്നിവരുടെ വേതനം നിലവിൽ എല്ലാ മാസവും പഞ്ചായത്ത് ഫണ്ടിൽ നിന്നും നേരിട്ട് നൽകുന്ന രീതിയാണ് തുടർന്ന് വരുന്നത്. എന്നാൽ 28/12/2012- ലെ GO (Rt) No. 3604/2012/LSGD - നമ്പർ ഉത്തരവ്, 06/02/2013- ലെ GO (Rt) No. 328/2013/LSGD - നമ്പർ ഉത്തരവ് എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ടി ജീവനക്കാർക്ക് വേതനം നേരിട്ട് നൽകുന്നതിന് പകരം NRHM - ന് തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത് .ആയതിനാൽ സർക്കാർ ഉത്തരവിലെ നിർദ്ദേശം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 നാകപ്പുഴ പമ്പ് ഹൗസിന്റെ വൈദ്യുതി ചാർജ്- സംബന്ധിച്ച്

ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ നാകപ്പുഴ പമ്പ്ഹൗസിന്റെ വൈദ്യുതി ചാർജ് ഇനത്തിൽ എല്ലാ മാസവും തനത് ഫണ്ടിൽ നിന്നും തുക അടയ്ക്കുന്നതായി കാണുന്നു. KSEB - യുടെ ബിൽ പ്രകാരം (കൺസ്യൂമർ നം .1155935008734 ) മീറ്റർ റീഡിംഗ് പൂജ്യം ആയിട്ടാണ് രേഖപ്പെടുത്തി വരുന്നത്.
13 -ാം പദ്ധതി മാർഗ്ഗ രേഖ പ്രകാരം (ഖ. 12 .7 ) കുടിവെള്ള പദ്ധതികളുടെ ആവർത്തന ചെലവുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ വിഹിതം മാത്രം ബന്ധപ്പെട്ട ഉപപദ്ധതി തുകയിൽ ആവശ്യമെങ്കിൽ വകയിരുത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ, നാകപ്പുഴ പമ്പ്ഹൗസ് ഗുണഭോക്തൃ സമിതിക്ക് കൈമാറിയ ജലവിതരണ പദ്ധതിയുടെ ഭാഗമാണോ എന്നും വൈദ്യുതി ചാർജ് തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നതിനുള്ള കാരണം, ടി പമ്പ്ഹൗസ് നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നു. ആയതിന് നൽകിയ മറുപടിയിൽ ടി പമ്പ്ഹൗസ് നിലവിൽ പ്രവർത്തിക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. പമ്പ്ഹൗസ്

നിലവിൽ പ്രവർത്തിക്കുന്നില്ലാത്ത സാഹചര്യത്തിൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 3-3 തെരുവ് വിളക്ക് മീറ്ററിംങ് സംബന്ധിച്ച്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.03.2013 ലെ സർക്കാർ ഉത്തരവ് നം 65529/ഡി.സി3/13 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്നും ആയതിന്റെ ടെക്ക്നിക്കൽ സഹായം കെ.എസ്,ഇ,ബി നല്കുന്നതും, ആവശ്യമായ തുക കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നു.

പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി-2/44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കലും തുടർനടപടികൾക്കുമായി ഒരു നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതും, തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, നോഡൽ ഓഫീസർ ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയതിൽ തെരുവ് മീറ്ററിംഗിനായി പ്രോജക്ട് പ്രകാരം തുക നല്കിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട് .സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്തിലെ തെരുവ് വിളക്കുകൾ അടിയന്തരമായി മീറ്ററിംഗ് സംവിധാനം ആക്കുവാനും, പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് പാലിക്കുന്നതിനും അടിയന്തര നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

## 3-4 വെള്ളക്കരം-കുടിശ്ശിക അധികതുക നല്കി

| | |
|---|---|
| പ്രോജക്ട് നം, പദ്ധതിയുടെ പേര് | 06/17-18, പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ |
| അടങ്കൽ, ഫണ്ടിനം | 2399324,<br>വികസന ഫണ്ട്,<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്,<br>മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് | 2399324 |
| ബിൽ നം. തീയതി | 04/17-18 ,30.06.2017,16/17-18,12.10.2017<br>27/17-18,22.02.18.28/17-18,22.02.18<br>29/17-18,22.02.18,34/17-18,28.03.18 |
| നിർവ്വഹണോദ്യാഗസ്ഥൻ | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക അടവാക്കി തീർത്തിട്ടുള്ളതാണ്. കേരള വാട്ടർ അതോറിറ്റിയുടെ 09.08.2017 ലെ ബിൽ നം 19363 പ്രകാരം

873145 രൂപയായിരുന്ന പഞ്ചായത്തിലെ 216 പൊതുടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക. 30.06.2017 ലെ 04/17-18 ട്രഷറി ബിൽ പ്രകാരം 8 ലക്ഷം രൂപ കുടിശ്ശിക അടവാക്കിയിട്ടുള്ളതാണ്. അതിനുശേഷമുള്ള പഞ്ചായത്തിന്റെ വെള്ളക്കരകുടിശ്ശിക കേവലം 73145 രൂപ മാത്രമായിരുന്നു. എന്നാൽ, തുടർന്ന് വന്ന മാസങ്ങളിൽ വെള്ളക്കരം കൃത്യമായി അടവാക്കാതിരുന്നതിനാൽ 05.03.2018 ലെ കേരള വാട്ടർ അതോറിറ്റിയുടെ 23893 ാം നമ്പർ ബിൽ പ്രകാരം വെള്ളക്കരകുടിശ്ശിക 1007796 ആയി ഉയർന്നു. കേരള വാട്ടർ അതോറിറ്റിയുടെ സപ്ലൈ റൂൾ 7(7) പ്രകാരം കുടിശ്ശികത്തുകയ്ക്ക് 2% പിഴപ്പലിശ ഈടാക്കാറുണ്ട്. വെള്ളക്കരം കൃത്യമായി അടവാക്കാതിരുന്നതിനാലാണ് തുക 1007796/- ആയി ഉയർന്നത്. കുടിശ്ശിക നിവാരണത്തിന് ശേഷം തുക കൃത്യമാടി അടവാക്കിയിരുന്നെങ്കിൽ 6 മാസത്തെ വെള്ളക്കരമിനത്തിൽ കേവലം 640145 രൂപ മാത്രം അടവാക്കിയാൽ മതിയായിരുന്നു. എന്നാൽ, കുടിശ്ശിക നിവാരണത്തിന് ശേഷവും പിഴപ്പലിശ മാത്രം 367651/- രൂപ പഞ്ചായത്തിന് അടവാക്കേണ്ടി വന്നു. തനത് വരുമാനം കുറവായ പഞ്ചായത്തിൽ ഇപ്രകാരം പിഴപ്പലിശ അടവാക്കുന്നത് ആശാസ്യമല്ല. കുടിശിക നിവാരണത്തിന് ശേഷവും ഇത്തരത്തിൽ പിഴപ്പലിശ അടവാക്കിയതിന് വിശദീകരണവും, കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് പഞ്ചായത്ത് പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയതിൽ ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് പൂർണ്ണമായും കുടിശ്ശികക അടച്ച് തീർക്കാതിരുന്നത് എന്നാണ് വിശദീകരിച്ചത്. എന്നാൽ കേവലം 73145/- രൂപ മാത്രമായിരുന്നു കുടിശ്ശിക. കുടിശ്ശിക നിവാരണത്തിന് ശേഷവും പിഴപ്പലിശ മാത്രം 367651/- രൂപ പഞ്ചായത്തിന് അടവാക്കേണ്ടി വന്നത് പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നുണ്ടായ അനാസ്ഥ മൂലമാണ്. തനത് ഫണ്ട് കുറവായ പഞ്ചായത്തിൽ ഇത്തരത്തിലുള്ള കെടുകാര്യസ്ഥത പഞ്ചായത്തിന്റെ വികസനത്തിന് വിഘാതം സൃഷ്ടിക്കുമെന്നതിൽ സംശയമില്ല. ആയതിനാൽ ഇത്തരത്തിലുള്ള ഫണ്ട് നഷ്ടം ഭാവിയിൽ ഉണ്ടാവാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തനത് വർഷവും വെള്ളക്കരമിനത്തിൽ കുടിശ്ശിക വരുത്തിയതിനാൽ വീണ്ടും പിഴപ്പലിശയിനത്തിൽ തുക അടവാക്കുവാനുണ്ട്.

# 3-5 ഹരിതസേനയുടെ രൂപീകരണം സംബന്ധിച്ച്.

15.07.2017 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2420ാം നമ്പർ ഉത്തരവ് പ്രകാരം എല്ലാ പഞ്ചായത്തുകളും ഒരു ഹരിത കർമ്മസേന രൂപീകരിക്കണമെന്നും പഞ്ചായത്തിനെ മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഈ ഹരിത കർമ്മസേനയുടെ സജീവ പ്രവർത്തനം പഞ്ചയത്തിന്റെ എല്ലാ വാർഡുകളിലും ഉണ്ടായിരിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത ഉത്തരവ് പാലിച്ച് കൊണ്ട് കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേന രൂപീകരിച്ച വിവരവും ഈ സേനയുടെ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്ന് പ്രത്യേകമായി തുക അനുവദിച്ച് കൊണ്ട് പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഈ സേന ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരവും ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയെതിന് ലഭ്യമാക്കിയ മറുപടിയിൽ ഹരിതസേനയുടെ പ്രവർത്തനം പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കോേണ്ടതാണ്.

# 3-6 അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 13 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. 9 എണ്ണം ഗ്രാമപഞ്ചായത്തിന്റെ സ്വന്തം കെട്ടിടങ്ങളിലും, 4 എണ്ണം വാടകകെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.03.2011ലെ സർക്കുലർ നം 31055/ ഡി.സി2/2011 പ്രകാരം എല്ലാ വർഷവും മെയ് പത്തിനകം തദ്ദേശ സ്ഥാപനത്തിന്റെ എഞ്ചിനീയർ / ഓവർസീയർ വാടകകെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു.ആയത് പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന 13 അങ്കണവാടികളുടേയും ഫിറ്റ്നെസ് സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് മറുപടി ലഭ്യമാക്കിയില്ല. എല്ലാ വർഷവും ഫിറ്റനെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാനും ആയത് ഓഡിറ്റിന് ലഭ്യമാക്കുവാനും ക്ഷേമകാര്യ സ്റ്റാന്റിംങ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 3-7 പത്രപ്പരസ്യം - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

പൊതുഭരണ (ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് -ഡി)വകുപ്പ് (അച്ചടിച്ചത്) 01/04 ഐ ആന്റ് പി ആർ, 01-01-04 ലെ ഉത്തരവ്, 21-06-04 ലെ 7441/ഡി-1/04 ഐ ആന്റ് പി ആർ സർക്കുലർ എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ, 2കോളം 3cm (8 x 3 = 24sqcm) വലുപ്പത്തിൽ മാത്രമായിരിക്കണം പ്രസിദ്ധീകരിക്കേണ്ടതെന്നും പരസ്യത്തിന്റെ പൂർണ്ണരൂപം വെബ്സൈറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, പഞ്ചായത്തിൽ 2017-18-ലെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പത്രപരസ്യങ്ങൾ പലതും വലിപ്പം കൂട്ടി നൽകിയതായി കാണുന്നു.ഈ വിഷയം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് മറുപടിയായി ടി അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരസ്യങ്ങൾ പ്രസിദ്ധീകരണത്തിന് നൽകുമ്പോൾ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-8 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്, പകൽ വീട് എന്നിവ പ്രവർത്തിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ വൈദ്യുതി ചാർജ് ഇനത്തിൽ കൺസ്യൂമർ നം .1155938014453 , കൺസ്യൂമർ നം .1155939014413 എന്നിവയ്ക്കായി പ്രതിമാസം 1588/- രൂപാ വീതവും പകൽവീടിന്റെ വൈദ്യുതി ചാർജ് ഇനത്തിൽ പ്രതിമാസം 92/- രൂപാ വീതവും അടയ്ക്കുന്നതായി കാണുന്നു. എന്നാൽ ബില്ലുകൾ പ്രകാരം മീറ്റർ റീഡിംഗ് പൂജ്യം ആയിട്ടാണ് രേഖപ്പെടുത്തി വരുന്നത്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്,പകൽ വീട് എന്നിവയുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടിയായി ടി സ്ഥാപനങ്ങൾ മുൻപ് പ്രവർത്തിച്ചിരുന്നതായും നിലവിൽ പ്രവർത്തനം കാര്യക്ഷമമല്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്.ടി സ്ഥാപനങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-9 വിവിധ കുടിവെള്ള പദ്ധതികൾ - പൂർത്തീകരണം സംബന്ധിച്ച്.

13 -ആം പദ്ധതി മാർഗ്ഗരേഖ ഖ. 12 .7 പ്രകാരം കുടിവെള്ള പദ്ധതികളിൽ ജല ലഭ്യത ഉറപ്പു വരുത്തി വിദഗ്ദരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ജല സ്രോതസ്സ് തീരുമാനിച്ചതിനുശേഷം മാത്രമേ കുടിവെള്ള പ്രൊജക്ടുകൾ തയ്യാറാക്കുവാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.കൂടാതെ ടി പദ്ധതികളുടെ തുടർ നടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃ സമിതികളുടെ ചുമതലയാണ് എന്ന് പ്രോജക്ടിൽ വ്യവസ്ഥ ചെയ്യണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. അങ്ങനെ ഏറ്റെടുക്കാമെന്ന് കരാറിൽ ഏർപ്പെട്ട ശേഷമേ പ്രവൃത്തിയുടെ നിർവ്വഹണം ആരംഭിക്കാവൂ എന്നും 13 -ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലും (ഖ 15 .1 ) പ്രതിപാദിച്ചിട്ടുണ്ട്.കൂടാതെ 50000/- രൂപയ്ക്ക് മുകളിൽ വരുന്ന മെയിന്റനൻസ് മാത്രമേ തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുക്കാവൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. കല്ലൂർക്കാട്

ഗ്രാമ പഞ്ചായത്തിൽ 2017 -2018 വർഷവും , മുൻ വർഷങ്ങളിലുമായി പല കുടിവെള്ള പദ്ധതികളുടെയും നിർവ്വഹണം അറ്റകുറ്റപ്പണി എന്നിവ നടന്നു വരുന്നതായി കാണുന്നു. പല പദ്ധതികളും നിലവിലും പൂർത്തിയാക്കാത്ത നിലയിലാണെന്നും കാണുന്നു. നിലവിലുള്ളതും നിർമ്മാണം നടന്നുവരുന്നതുമായ കുടിവെള്ള പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

1 . റസ്റ്റ് ഹൗസ് ജംഗ്ഷൻ കുടിവെള്ള പദ്ധതി.
2 ഇട്ടുമ്പൻതണ്ട് കുടിവെള്ള പദ്ധതി
3 . വട്ടച്ചിറ കുടിവെള്ള പദ്ധതി.
4 . കരുക്കാക്കുന്ന് കുടിവെള്ള പദ്ധതി.
5 . മലനിരപ്പ് കുടിവെള്ള പദ്ധതി
6. ചെന്നാപ്പാറ കുടിവെള്ള പദ്ധതി (തൃപ്തി കുടിവെള്ള പദ്ധതി)
7. മുടിമുകൾ കുടിവെള്ള പദ്ധതി
8.ആൽപ്പാറ കുടിവെള്ളപദ്ധതി

ഗ്രാമ പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ നിലവിലെ അവസ്ഥ , പദ്ധതി പൂർത്തീകരിച്ച് ഗുണ.സമിതിക്കു കൈമാറിയിട്ടുണ്ടെങ്കിൽ ടി വിവരം, പദ്ധതി സംബന്ധിച്ച കരാർ ,പദ്ധതികൾ പൂർത്തിയാക്കുവാനുള്ള കാലതാമസത്തിന്റെ കാരണം, അറ്റകുറ്റപ്പണി, ഗ്രാമ പഞ്ചായത്തിലെ വിവിധ , പദ്ധതി സംബന്ധിച്ച കരാർ എന്നിവ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നു. പദ്ധതികൾ പലതും അന്തിമ ഘട്ടത്തിലാണെന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചത് . ഓരോ പദ്ധതികളുടെയും നിലവിലെ അവസ്ഥ രേഖാമൂലം ലഭ്യമാക്കിയിട്ടില്ല . പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും ഗുണ:ഭോക്തൃ സമിതിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. ഈ വിഷയം പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽ പെടുത്തുന്നു..

# 3-10 മഴക്കാല പൂർവ്വ ശുചീകരണ പദ്ധതി-സംബന്ധിച്ച്.

മഴക്കാല പൂർവ്വ ശുചീകരണ പദ്ധതിക്കായി വൗച്ചർ നം . 21700265 , 21700266 തീയതി 06 .07 .17 പ്രകാരം 130000/- രൂപ മെഡിക്കൽ ഓഫീസർ , PHC കല്ലൂർക്കാടിന്റെ പേരിൽ നൽകിയിരുന്നു. ടി തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ , വൗച്ചറുകൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നുവെങ്കിലും വിനിയോഗ സാക്ഷ്യപത്രം , വൗച്ചറുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ടി തുക വാർഡ് തല ശുചിത്വ കമ്മറ്റികൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ, ചെലവ് രേഖകൾ , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ലാത്തതിനാൽ 130000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-11 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഡെപ്പോസിറ്റ് വർക്കുകളുടെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം, ധനവിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ഹാജരാക്കിയില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ബിൽ നം | മുൻകൂർ നൽകിയ തുക |
|---|---|---|---|
| AEE, PWD Electrical Division ,Thrissur | കല്ലൂർക്കാട് മാർക്കറ്റ് – പച്ചക്കറി സ്റ്റാൾ - വൈദ്യുതീകരണം | 2170036/10.04.17<br>51700036/ 10.04.17 | 56230 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ. കേരള വാട്ടർ അതോറിറ്റി,പി,എച്ച് ഡിവിഷൻ.മൂവാറ്റുപുഴ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എസ്086/18, എസ് 108/18 | 21/17-18തീയതി 10.11.17 | 175000 |

| ആകെ | 231230 |
|---|---|

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. ആയതിനാൽ മേൽസൂചിപ്പിച്ച പ്രോജക്ടുകളുടെ ആകെ ചെലവായ 231230/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 157500 | S064/18 | നെൽകൃഷി വികസനം | 157500 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 252300 | S064/18 | നെൽകൃഷി വികസനം | 225337 | 26963 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 107900 | S084/18 | പാലിയേറ്റീവ് കെയർ | 107900 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1044000 | S162/18 | ലൈഫ് ഭവന പദ്ധതി | 1044000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2017-18 | 350000 | S050/18 | അംഗനവാടി പോഷകാഹാരം | 190035 | 159965 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2017-18 | 50000 | S052/18 | അങ്കണവാടി പോഷകാഹാരം - SCP | 0 | 50000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 61225 | S088/18 | ശാരീരീക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 61225 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 75000 | S088/18 | ശാരീരീക മാനസീക വെല്ലുവിളി നേരിടുന്നവര്ക്ക് സ്കോളർഷിപ്പ് | 75000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 322700 | S077/18 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 322700 | 0 |

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട് തുക ഉപയോഗിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക/ റിമാർക്സ് |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കരുക്കാക്കുന്ന് കുടിവെള്ള പദ്ധതി | 260659 | 260659 | 0 |
| കേരള സംസ്ഥാന വൈദ്യുതി വകുപ്പ് | ഉടുമ്പൻതണ്ട് കുടിവെള്ള പദ്ധതി വൈദ്യുതീകരണം | 102000 | 0 | 102000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ കസ്റ്റൻഷൻ | 175000 | 0 | 175000 |
| കേരള വാട്ടർ അതോരിറ്റി | കരുക്കാക്കുന്ന് കുടിവെള്ള പദ്ധതി | 73970 | 0 | 73970 |
| എ.ഇ.ഇ, ഇലക്ട്രിക്കൽ ഡിവിഷൻ ,തൃശ്ശൂർ | കല്ലൂർക്കാട് മാർക്കറ്റ്-പച്ചക്കറി സ്റ്റാൾ വൈദ്യുതീകരണം | 56230 | 0 | 56230 |

(ഖണ്ഡിക 3-11ൽ പരാമർശിക്കുന്ന നിക്ഷേപ പ്രവർത്തികൾക്കുള്ള തുകകൾ ആർപി-47ൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്.)

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഇല്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| | | | ബാക്കിയുണ്ടായിരുന്ന തുക | | | ബാക്കി യുള്ള തുക |
| ഇഎംഎസ് ഭവനവായ്പ | സ.ഉ.(സാ.ധാ) 564/2010/ ത.സ്വ.ഭ.വ /22.2.2010 | 79,27,500 | 2188250 | 602750 | | 1585500 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻ വർഷം ലഭിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | തുക അടവാക്കിയ വ്യക്തിയുടെ പേര്, വിലാസം | തീയതി | രസീത് നം | തുക | വർഷം |
|---|---|---|---|---|---|
| 1 | ബേബി മാത്യു,താമരശ്ശേരിൽ, കല്ലൂർക്കാട് | 09.11.17 | 117030101503 | 500 | 2007-08 |
| 2 | ജോൺ.വി.ജെ. വട്ടക്കുഴിയിൽ കല്ലൂർക്കാട് | 09.11.17 | 117030101504 | 25 | 2007-08 |
| 3 | സോക്കി ജോൺ, ചക്കാലക്കുടിയിൽ,കല്ലൂർക്കാട് | 09.11.17 | 117030101505 | 100 | 2007-08 |
| 4 | സണ്ണി മാത്യു.കാട്ടംകോട്ടിൽ കല്ലൂർക്കാട് | 09.11.17 | 117030101506 | 50 | 2007-08 |
| 5 | ലോനൻ.ടി.എെ. തെമ്മാരക്കാട്.കല്ലൂർക്കാട് | 09.11.17 | 117030101507 | 25 | 2007-08 |
| ആകെ | | | | 700 | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തര വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക( തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക | ഖണ്ഡിക നം | ഉത്തര വാദി യായ | ചാർജ് സർട്ടി ഫിക്കറ്റ് | സ്വയം അടവാ ക്കിയത്, | റവന്യൂ റിക്കവറി യിലൂടെ | കോടതി വ്യവ | ആകെ | അവ ശേ ഷിക്കു | റി മാ ർ |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | റി പ്പോർട്ട് | | ഉദ്യോഗ സ്ഥ ന്റെ പേര്, ഔദ്യോ ഗിക സ്ഥാനം, ഭരണ വകുപ്പ് | | | (സ്ഥലം, തീയതി) | ഈടാ ക്കിയ തുക (തീയതി) | ഹാര ങ്ങളിൽ | | ലഭ്യമായ തുക | ന്ന തുക/ ബാ ദ്ധ്യത | ക്ക് സ് |
| | | | | നമ്പരും തീയ തിയും | തുക | | | ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

| (എ) സംക്ഷിപ്ത വിവരം | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 37916180.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38898979.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 361230 |

## (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

**ഇല്ല.**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 130000/- | ഡോ. അമർലാൽ.കെ, മെഡിക്കൽ ഓഫീസർ ,പി.എച്ച് .സി ,കല്ലൂർക്കാട് |
| 3-11 | 56230/- | ശ്രീമതി വി.കെ. വത്സമ്മ, സെക്രട്ടറി. കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത് |
| 3-11 | 175000/- | ശ്രീമതി റ്റി എ സുബൈദ, സെക്രട്ടറി. കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത് |
| **ആകെ** | **361230/-** | |

## (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി വി.കെ. വത്സമ്മ സെക്രട്ടറി | സെക്രട്ടറി,കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് | നടക്കനാൽ വീട് മുളപ്പുറം.പി ഒ കരിമണ്ണൂർ |
| ശ്രീമതി റ്റി എ സുബൈദ, സെക്രട്ടറി | സെക്രട്ടറി,കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് | മുക്കട (H) നീലീശ്വരം പിഒ, കോട്ടയം |
| ഡോ. അമർലാൽ.കെ മെഡിക്കൽ ഓഫീസർ പി.എച്ച്.സി.കല്ലൂർക്കാട് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി.കല്ലൂർക്കാട് | കൊമ്പനാൽ (H) മൂവാറ്റുപുഴ.പിഒ കിഴക്കേക്കര |

# 4-10 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് .ഇ (പി 5)769/07 തീ 13.08.2009 |
| 1997-98 | എൽ എഫ് .ഇ (പി 5)84/03തീ 05.11.2003 |
| 1998-99 | എൽ എഫ് .ഇ (പി 5)379/07 തീ26.04.2008 |
| 1999-2000 | എൽ എഫ് .ഇ (പി 5)856/01 തീ 07.06.2002 |
| 2000-01 | എൽ എഫ് .ഇ (പി 5)962/05 തീ05.04.2006 |
| 2001-02 | എൽ എഫ് .ഇ (പി 5)1380/07 തീ26.07.2008 |
| 2002-2003 | എൽ എഫ് .ഇ (പി 5)742/10 തീ14.07.2011 |
| 2003-2004- | എൽ എഫ് .ഇ (പി 5)742/10 തീ14.07.2011 |
| 2004-05 | എൽ എഫ് .ഇ (പി 5)744/10 തീ14.07.2011 |
| 2005-2006 | എൽ എഫ് .ഇ (പി 5)32/12തീ07.12.2012 |

| | |
|---|---|
| 2006-2007 | എൽ എഫ് .ഇ (പി 5)33/12 തീ07.02.2012 |
| 2007-2008 | എൽ എഫ് .ഇ (പി 5)1628/08 തീ 12.08.2009 |
| 2008-2009 | എൽ എഫ് .ഇ (പി 5)34/12 തീ 07.02.2012 |
| 2009-2010 | എൽ എഫ് .ഇ (പി 5)1065/13 തീ 27.07.2013 |
| 2010-2011 | എൽ.എഫ്.ഇ (പി8)17/1944/13 തീ 07.12.2013 |
| 2011-12 | എൽ.എഫ്.ഇ (പി8)17/1944/13 തീ 07.12.2013 |
| 2012-13 | എൽ.എഫ്.ഇ (പി8)508/15 തീ 01.06.2015 |
| 2013-14 | എൽ.എഫ്.ഇ (പി8)508/15 തീ 01.06.2015 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി8)1261/16 തീ.03.08.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി8)41/17 തീ.31.01.2017 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി8)1400/17 തീ.27.11.2017 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

.

# അനുബന്ധം 1

# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം -വകുപ്പ് 215(6), കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

.

എന്റെ അഭിപ്രായത്തിൽ അനുബന്ധം ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ**

1)വസ്തു നികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.
2)ഭൂമിയുൾപ്പെടുന്ന ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് വാർഷികകണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3)സ്വീവേജ് ഡ്രെയിനേജിന് 113901/-രൂപ തെറ്റായി ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്.

**ഡെപ്യൂട്ടി ഡയറക്ടർ**